| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| **പന്ത്രണ്ടാം സമ്മേളനം** | | | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3600 | | 12.12.2014-ൽ മറുപടിക്ക് | |
| **ബാലാവകാശ സംരക്ഷണ കമ്മീഷൻ** | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് എപ്പോഴാണ് രൂപീകരിച്ചത് എന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 03.06.2013-ൽ ആണ് രൂപീകരിച്ചത്. കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി നിലവിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.<br>• കമ്മീഷൻ യുക്തമെന്ന് കരുതുന്നപക്ഷം, വാർഷികമായും അങ്ങനെയുള്ള ഇടവേളകളിലും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് ഹാജരാക്കുക.<br>• ബാലാവകാശ ലംഘനത്തിന്റെ അന്വേഷണ വിചാരണ ചെയ്ത് അങ്ങനെയുള്ള കേസുകളിൽ നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുക.<br>• ഭീകര പ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതി ദുരന്തം, ഗാർഹിക ഹിംസ, എച്ച്.ഐ.വി/എയ്ഡ്സ്,അവിഹിത വാണിജ്യം, പീഡനം, ചോദ്യം ചെയ്യലും ചൂഷണവും, അശ്ലീല സാഹിത്യം, വ്യഭിചാരം എന്നിവയാൽ ബാധിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ അനുഭവിക്കുന്നത് നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക. |

| | | | |
|---|---|---|---|
| | | | • ദുരിതം അനുഭവിക്കുന്നതും പാർശ്വവത്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേത് ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.<br>• സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുന:പരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ടി ശുപാർശകൾ നടത്തുകയും ചെയ്യുക.<br>• ബാലാവകാശ മേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.<br>• സമൂഹത്തിന്റെ വിവിധ ഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, മറ്റ് ലഭ്യമായ മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് ലഭ്യമായിട്ടുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.<br>• സാമൂഹ്യസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ബാലസംരക്ഷണ മന്ദിരമോ, മറ്റ് താമസസ്ഥലമോ, കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്നു കാണുന്ന പക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി എടുക്കുകയും ചെയ്യുക.<br>• ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും; കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശക രേഖകളോ നിർദ്ദേശങ്ങളോ നടപ്പിലാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തുകയും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നല്കലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക. |

| | | | |
|---|---|---|---|
| | | | ◆ ബാലാവകാശത്തിന്മേൽ ഗൗരവപരമായ ലംഘനമോ നിലവിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണ വിചാരണയിൽ വെളിപ്പെടുന്നിടത്ത് ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്നു തോന്നുന്ന അങ്ങനെയുള്ള നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യുക.<br>◆ നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹു. സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കുക.<br>◆ ഇടക്കാല ആശ്വാസം പീഡിതനോ അയാളുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യുക. |
| (ബി) | പ്രസ്തുത കമ്മീഷനിൽ എത്ര അംഗങ്ങളുണ്ടെന്നും അത് ആരൊക്കെയാണെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | (ബി) | കമ്മീഷനിലെ ആറ് അംഗങ്ങൾ ചുവടെ പറയുന്നവരാണ്.<br>1. ശ്രീ.കെ.നസീർ<br>2. ശ്രീമതി.മീന.സി.യു.<br>3. ശ്രീ.ബാബു.എൻ.<br>4. ഫാ.ഫിലിപ്പ് പരക്കാട്ട്.പി.വി.<br>5. അഡ്വ.സന്ധ്യ.ജെ.<br>6. ശ്രീമതി.ഗ്ലോറി ജോർജ്ജ്<br>അംഗങ്ങളുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കമ്മീഷന് ഇതുവരെ എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികളിൽ തീർപ്പു കൽപ്പിച്ചുവെന്നും വിശദമാക്കുമോ; | (സി) | 01.12.2014 വരെ 503 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 243 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. |
| (ഡി) | സ്ഥിരം കരാർ, ദിവസ വേതന അടിസ്ഥാനത്തിലുള്ള എത്ര ജീവനക്കാർ നിലവിൽ കമ്മീഷനിലുണ്ട്; | (ഡി) | കമ്മീഷനിൽ നിലവിൽ 28 ജീവനക്കാരുണ്ട്.<br>പുനർ നിയമനം - 1<br>അന്യത്ര സേവനം - 14<br>കരാർ നിയമനം - 12<br>ദിവസ വേതനം - 1 |
| (ഇ) | അംഗങ്ങളുടെ ശമ്പളം, യാത്രാപ്പടി എന്നീ ഇനങ്ങളിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (ഇ) | 08.01.2014 മുതൽ 30.11.2014 വരെ കമ്മീഷൻ അംഗങ്ങളുടെ ശമ്പള ഇനത്തിൽ 68,82,480/- രൂപയും യാത്രാപ്പടി ഇനത്തിൽ 08.01.2014 മുതൽ 30.09.2014 വരെ 1,20,910/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ജീവനക്കാരുടെ ശമ്പള ഇനത്തിലും ഓഫീസ് പ്രവർത്തനത്തിനും എത്ര രൂപ ചെലവഴിച്ചു എന്ന് വിശദമാക്കുമോ? | (എഫ്) | 03.06.2013 മുതൽ 30.11.2014 വരെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ 1,14,60,923/- രൂപയും ഓഫീസ് ചെലവിനത്തിൽ 80,00,455/- രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 11,76,934/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ

ദിനേശ്

GOVERNMENT OF KERALA

Abstract

Social Justice Department - Kerala State Commission for Protection of Child Rights - Terms and Conditions of appointment of members - Fixed - Orders issued.

SOCIAL JUSTICE (A) DEPARTMENT

G.O (Ms) No.56/2014/SJD Dated, Thiruvananthapuram 30.06.2014.

Read:- 1. G.O.(P) No.59/2012/SWD dated 04.10.2012.
2. G.O.(P) No.6/2014/SJD dated 23.01.2014.

**ORDER**

As per the Government Order read as 1st paper above, Government have framed the Kerala State Commission for Protection of Child Rights Rules, 2012. As per the Government Order read as 2nd paper above, Sri.K.Nazeer, Smt.Meena.C.U, Sri.Babu.N, Fr.Philip Parakatt.P.V, Adv.Sandhya.J and Smt.Glory Geroge have been appointed as the Members of Kerala State Commission for Protection of Child Rights for a period of 3 years.

Government are pleased to fix the following terms and conditions of appointment of Members of Kerala State Commission for Protection of Child Rights.

I **Pay DA and Other Allowances:-** They shall be eligible for the rate equal to the pay of the Secretary to Government plus eligible DA and other allowances.

II. **Leave:-** Leave Rules shall be applicable as per appendix VIII, KSRs. (as provided in Rule 10 of the Kerala State Commission for Protection of Child Rights Rules)

III. **Surrender of Earned Leave:-** Not applicable.

IV **LTC:-** Shall not be eligible.

V **TA :-** Shall be eligible as applicable to Grade I Officers in the State.

VI **Medical Benefits:-** Shall be allowed as per provision of Kerala Government Servants Medical Attendance Rules.

(By order of the Governor)
**A.SHAJAHAN**
Special Secretary

To

The Secretary, Kerala State Commission for Protection of Child Rights, Sreeganesh, T.C. 14/2036, Behind Olympic Association Building,Vanross Junction, Kerala University.P.O, Thiruvananthapuram - 695 034.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A &E), Kerala, Thiruvananthapuram.
General Administration (SC) Department
Finance Department (No. 21293/WW.1/14/Fin. dated 05.05.2014 & 43536/WW1/14/Fin. dated 17/05/2014).
Information Officer, Web & New Media, Information and Public Relations Department.
Stock File/Office Copy.

Forwarded /By order,

Section Officer

Section Officer

**GOVERNMENT OF KERALA**

**Abstract**

Social Justice Department - Kerala State Commission for Protection of Child Rights - Terms and Conditions of appointment of Members - Further Orders issued.

---

SOCIAL JUSTICE (A) DEPARTMENT

G.O (Ms) No.93/2014/SJD Dated, Thiruvananthapuram 17.11.2014.

---

Read:- 1. G.O.(P) No.6/2014/SJD dated 23.01.2014.

2. G.O (Ms) No.56/2014/SJD dated 30.06.2014.

3. Letter No.46/Admn/2014/CPCR dated 04.07.2014 from the Chairperson, Kerala State Commission for Protection of Child Rights, Poojappura, Thiruvananthapuram.

ORDER

As per the Government Order read as 2nd paper above, Government have fixed the terms and conditions of appointment of members of Kerala State Commission for Protection of Child Rights. The Secretary, Kerala State Commission for Protection of Child Rights in his letter read above has requested to clarify the Status and Rank, Residential Accommodation, Conveyance Facility, Telephone Facilities to the members of the Commission and other Residuary provisions etc.

Government have examined the matter and are pleased to issue further orders on the following aspects.

VII **Status and Rank:-**

The status and rank of the members of the Commission shall be equal to that of Secretary to Government.

VIII **Residential Accommodation:-**

They shall be eligible for HRA at the rate applicable to the Secretary to Government in the context that they cannot be provided with official residence.

IX **Conveyance Facility:-**

Every Member shall be eligible to one staff car to be hired for the purpose.

X **Official & residential telephone, mobile phone broadband charges and reimbursement of cost of newspaper and economic dailies:-**

Official and residential telephone, mobile phone, broadband charges shall be provided as per G.O.(Ms) No. 83/2011/Fin dated 25.02.2011 and reimbursement of cost of newspaper and economic dailies as applicable to the Secretary to Government.

**XI Residuary Provisions:-**

As determined by the Government as per Rule 16 of Kerala State Commission for Protection of Child Rights.

(By order of the Governor)
**Dr.K.M.ABRAHAM**
Additional Chief Secretary

To

The Members, Kerala State Commission for Protection of Child Rights, Poojappura, Thiruvananthapuram.
The Secretary, Kerala State Commission for Protection of Child Rights, Poojappura, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram..
The Accountant General (A &E), Kerala, Thiruvananthapuram.
Finance Department
Information Officer, Web & New Media, Information and Public Relations Department.
Stock File/Office Copy.

Copy to : G.O (Ms) No.56/2014/Social Justice Department dated 30/06/2014.

Forwarded / By order,

Jayasree

Section Officer

Jayasree
Section Officer